**MIT-5/3024/TC/2016** **Dated:- 01.04.2016**

From

The Transport Commissioner, Kerala
Motor Vehicles Department

To

All DTC
All RTO
ALL JRTO

Sir,

Sub: - Motor Vehicles Department – Online Temporary Registration-Instructions–reg.

Ref : -

The guidelines to be followed for the Online Temporary Registration are attached with this letter. The same is to be implemented from 02.04.2016

Yours faithfully

1/4/16
Rajeev Puthalath
Joint Transport Commissioner(E)
for Transport Commissioner

# ടെമ്പററി രജിസ്ട്രേഷനുള്ള നിർദ്ദേശങ്ങൾ

## അപേക്ഷകൻ (ഡീലർ വഴി) ചെയ്യേണ്ടത്

1. പുതിയ വാഹനങ്ങളുടെ ടെമ്പററി രജിസ്ട്രേഷനുള്ള അപേക്ഷകൻ ഓൺ-ലൈൻ വഴി മാത്രമേ അപേക്ഷ സമർപ്പിക്കാവൂ
2. പുതിയതായി രജിസ്റ്റർ ചെയ്യുന്ന എല്ലാ വാഹനങ്ങൾക്കും ടെമ്പററി രജിസ്ട്രേഷൻ ആവശ്യമാണ്.
3. ഫീസ്, ടാക്സ്, സെസ്സ് എന്നിവ ടെമ്പററി രജിസ്ട്രേഷന്റെ അപേക്ഷയോടൊപ്പംതന്നെ അടയ്ക്കേണ്ടതാണ്.
4. വാഹനം വാങ്ങുന്ന വ്യക്തിയുടെ മൊബൈൽ നമ്പരും ഇ-മെയിൽ അഡ്രസ്സും (ഡീലറുടെ അല്ല) നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.
5. അപേക്ഷയോടൊപ്പം, ഫോം 22 അപേക്ഷകന്റെ കൈയ്യൊപ്പ്, ഫോട്ടോ, അഡ്രസ്സ് പ്രൂഫ് എന്നിവ അപ്‌ലോഡ് ചെയ്യണം

   അപേക്ഷ വെബ് —ഫോം വഴി തയ്യാറാക്കുന്നതോടൊപ്പം വാഹന ഉടമയുടെ, (അപേക്ഷകന്റെ) ഏറ്റവും പുതിയ (6 മാസത്തിലധികം പഴക്കമല്ലാത്ത) 30 kb യിലധികമാകാത്തതും, 150 x 200 പിക്സലില്ലുള്ളതുമായ ഫോട്ടോയും, 20 kb യിലധികമല്ലാത്തതും, 150 x 200 പിക്സലില്ലുള്ളതുമായ കൈയ്യൊപ്പ്, 500 x 500 പിക്സലില്ലുള്ളതും 100 kb യിലധികമല്ലാത്തതുമായ മേൽവിലാസം തെളിയിക്കുന്നതിനുള്ള രേഖയും (സത്യവാങ്മൂലം *മാതൃക കാണുക) സഹിതം 500 x 500 പിക്സലിലുള്ളതും 100 kb യിലുള്ളതുമായ ഫാറം 22 ഉം സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യേണ്ടതാണ്.
6. നികുതിയിളവ് ആവശ്യമായ വ്യക്തികൾ (സർക്കാർ വാഹനങ്ങൾ, വികലാംഗരുടെ വാഹനങ്ങൾ, അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്യേണ്ട വാഹനങ്ങൾ) മുൻകൂറായി റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെ സമീപിച്ച് നികുതിയിളവിനുള്ള ഉത്തരവ് വാങ്ങേണ്ടതും, ഉത്തരവിന്റെ പകർപ്പ് അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.
7. വാഹനത്തെക്കുറിച്ചുള്ള വിവരങ്ങളും, അപേക്ഷയും, മറ്റ് രേഖകളും ഓൺലൈൻ ആയി സമർപ്പിക്കുമ്പോൾ വളരെയധികം ശ്രദ്ധയും കരുതലും വേണ്ടതാണ്.
   തെറ്റായ വിവരങ്ങൾ നൽകുന്നത് ഐ.റ്റി ആക്ട് പ്രകാരം ശിക്ഷാർഹമാണ്.
8. ഡീലറുടെ ഡാറ്റ എന്റർ ചെയ്യുന്ന ജീവനക്കാരനും, വേരിഫൈ ചെയ്യുന്ന ജീവനക്കാരനും, കൺഫേം ചെയ്യുന്ന അതോറിറ്റിയും ഒരാൾ തന്നെ ആയിരിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

9 വാഹന ഉടമ ഹൈപ്പോത്തിക്കേഷൻ എടുത്തിട്ടുണ്ടെങ്കിൽ, ഹൈപ്പോത്തിക്കേഷൻ നൽകിയ സ്ഥാപനത്തിന്റെ പൂർണ്ണ വിവരങ്ങൾ (പേര്, മേൽവിലാസം, സ്ഥലം, പിൻ കോഡ്, ടെലഫോൺ നമ്പർ, ഇ-മെയിൽ) ഡേറ്റയിൽ എന്റർ ചെയ്യേണ്ടതാണ്.

10 റിജക്റ്റ് ചെയ്യുന്ന അപേക്ഷകൾ തെറ്റ് തിരുത്തുന്നതിനായി 24 മണിക്കൂറിനകം പുന:സമർപ്പണം ചെയ്യേണ്ടതാണ്.

11 അതാത് ദിവസം 2 മണിക്ക് മുൻപായി ലഭിക്കുന്ന അപേക്ഷ മാത്രമേ അതേ ദിവസം പരിഗണിക്കുകയുള്ളൂ. 2 മണിക്ക് ശേഷം വരുന്ന അപേക്ഷകൾ തൊട്ടടുത്ത പ്രവർത്തിദിവസം പരിഗണിക്കുന്നതായിരിക്കും.

12 ശരിയായ വിവരങ്ങൾ നൽകുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം വാഹന ഡീലർക്കും, ട്രേഡ് സർട്ടിഫിക്കറ്റ് ഉടമയ്ക്കും ആയിരിക്കും

13 മോട്ടോർ വാഹന വകുപ്പിന്റെ റീജിയണൽ/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് (റീജിയണൽ/ അഡീഷണൽ റീജിയണൽ അതോറിറ്റി) അധികാരപരിധിയിലും, വാഹന നിർമ്മാതാവ് അംഗീകരിച്ച് അനുവദിച്ചിട്ടുള്ള ഡീലറുടെ സ്ഥാപനം നിലകൊള്ളുന്ന മേഖലയിലുള്ളതുമായ റീജിയണൽ/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലേയ്ക്കായിരിക്കണം ടെമ്പററി രജിസ്ട്രേഷനു വേണ്ട അപേക്ഷ സമർപ്പിക്കേണ്ടത്. അധികാര പരിധിയും, ഡീലറുടെ വ്യാപാര മേഖലയും മാറ്റി അപേക്ഷ സമർപ്പിച്ചാൽ, വാഹന ഡീലറുടെ പേരിൽ കേരളത്തിലുള്ള എല്ലാ സ്ഥാപനങ്ങളുടെയും ട്രേഡ് സർട്ടിഫിക്കറ്റുകൾ താത്കാലികമായി റദ്ദ് ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ടെമ്പററി രജിസ്ട്രേഷനുള്ള അപേക്ഷയോടൊപ്പം വാഹനം വാങ്ങുന്ന വ്യക്തി/സ്ഥാപനം സ്ഥിരമായി താമസിക്കുന്ന/പ്രവർത്തിക്കുന്ന സ്ഥലത്തെ റീജിയണൽ/സബ്ബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലേയ്ക്ക് സ്ഥിര രജിസ്ട്രേഷനുള്ള അപേക്ഷയും ഓൺ-ലൈൻ ആയി സമർപ്പിക്കേണ്ടതാണ്.

14 അന്യ സംസ്ഥാനങ്ങളിലേയ്ക്കുള്ള ടെമ്പററി രജിസ്ട്രേഷന് അപേക്ഷ സമർപ്പിക്കുമ്പോൾ, വാഹനം വാങ്ങിയ വ്യക്തിയ്ക്കും/സ്ഥാപനത്തെക്കുറിച്ചുള്ള മേൽവിലാസം തെളിയിക്കുന്നതിനായി വിശ്വാസയോഗ്യമായ രേഖകൾ കൂടി സമർപ്പിക്കേണ്ടതാണ്.

15 ടെമ്പററി രജിസ്ട്രേഷന്റെ പ്രിന്റ് അപേക്ഷകൾ ഹാജരാക്കിയാൽ മാത്രമേ വാഹനം ഷോറൂമിൽ നിന്നും വിതരണം ചെയ്യാൻ പാടുള്ളൂ.

16 അപേക്ഷ സമർപ്പണത്തിന്റെ മാതൃക ഇതോടൊപ്പം നൽകുന്നു.

## ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർക്ക്

1 ഓൺലൈൻ ആയി ലഭിക്കുന്ന അപേക്ഷകൾ അതാത് ദിവസം 5 മണിയ്ക്ക് മുൻപായി തീർപ്പുകൽപ്പിച്ച് നൽകേണ്ടതാണ്.

2 ഓൺലൈൻ ആയി ലഭിച്ച അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള (അപ്‌ലോഡ് ചെയ്ത) രേഖകൾ പരിശോധിച്ച് അവയുടെ വിശ്വാസ്യതയിൽ ഏതെങ്കിലും തരത്തിലുള്ള സംശയം തോന്നുന്നുവെങ്കിൽ, അപേക്ഷകനെ ബന്ധപ്പെട്ട രേഖകളുടെ അസ്സലുമായി വിളിച്ചുവരുത്തി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

3 തെറ്റായതും, വിശ്വാസയോഗ്യമല്ലാത്തതുമായ വിവരങ്ങളും, രേഖകളും സമർപ്പിക്കുന്ന വാഹന ഡീലർക്ക് അനുവദിച്ചിട്ടുള്ള എല്ലാ ട്രേഡ് സർട്ടിഫിക്കറ്റുകളും ഉടനടി താത്കാലികമായി റദ്ദ ചെയ്യേണ്ടതും, ഡീലർക്ക് ഷോകോസ് നോട്ടീസ് നൽകേണ്ടതുമാണ്. ഡീലറുടെ മറുപടി തൃപ്തികരമല്ലായെങ്കിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4 അപേക്ഷയുടെ മേൽ കൈക്കൊള്ളേണ്ട നടപടിക്രമങ്ങളുടെ മാതൃക ഇതോടൊപ്പം നൽകുന്നു.

(ഒപ്പ്)
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ

രാജീവ് പുത്തലത്ത്
ജോയിന്റ് ട്രാൻസ്പോർട്ട് കമ്മിഷണർ
(എൻഫോഴ്സ്മെന്റ്)

* <u>സത്യവാങ്മൂലത്തിന്റെ മാതൃക</u>

**സത്യപ്രസ്താവനയും ടെമ്പററി രജിസ്ട്രേഷനു വേണ്ട അപേക്ഷയും.**

(മേൽവിലാസം തെളിയിക്കുന്നതിനുള്ള രേഖയുടെ ഫോട്ടോ കോപ്പിയുടെ താഴെ അപേക്ഷകൻ; സത്യവാങ്മൂലം)

ഞാൻ ശ്രീ. ........................................ ; ........................................ (ഡീലറുടെ പേര്) എന്ന സ്ഥാപനത്തിൽനിന്നും, ........................ നിർമ്മിതവും ........................ ചേസിസ് നമ്പറിലുള്ളതുമായ വാഹനം വാങ്ങിയിട്ടുള്ളതിന് മേൽകാണിച്ച വിലാസത്തിൽ ടെമ്പററി രജിസ്ട്രേഷൻ അനുവദിക്കണമെന്നും, ഈ വാഹന വാങ്ങലുമായി ബന്ധപ്പെട്ട് വാഹനത്തിന്റെ അംഗീകൃത വിലയും, കേരള സർക്കാരിലേക്കുള്ള നികുതി, ഫീസ്, സെസ്സ് എന്നിവയല്ലാതെ മറ്റൊരുവിധ അധിക തുകയും, സർവ്വീസ് ചാർജ്ജ്, കൈകാര്യ ചെലവ്, ലോജിസ്റ്റിക് തുടങ്ങിയ ഇനങ്ങളിൽ വാഹന ഡീലർക്കോ, ഡീലർ ഏർപ്പെടുത്തിയിട്ടുള്ള വ്യക്തിക്കോ, സ്ഥാപനത്തിനോ പ്രതിനിധികൾക്കോ നൽകിയിട്ടില്ല എന്നും, ടി വാഹനം ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിലോ രജിസ്റ്ററിംഗ് അതോറിറ്റി മുൻപാകെയോ രജിസ്റ്റർ ചെയ്തിട്ടില്ല എന്നും വെബ് ഫോറം വഴി നൽകിയിട്ടുള്ള എല്ലാ വിവരങ്ങളും സത്യമാണെന്നും ഇതിനാൽ സത്യപ്രസ്താവന ചെയ്തുകൊള്ളുന്നു.

<u>ഇരുചക്രവാഹനത്തിന്</u>

വാഹനത്തിനോടൊപ്പം ഹെൽമെറ്റ്, നമ്പർ പ്ലേറ്റ്, സാരിഗാർഡ്, റിയർവ്യൂമിറർ, ലേഡീസ് ഹാൻഡിൽ എന്നിവ സൗജന്യമായി ലഭിച്ചിട്ടുണ്ട്.

ഒപ്പ് :

പേര് :

തീയതി :